LIBRARY ARCHIVES Kerala Legislative Assembly

ഭിന്നശേഷിയുള്ള വ്യക്തികൾ നേരിടുന്ന വിവേചനങ്ങൾ

217 (5571) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാരീരികവും മാനസികവുമായ വൈകല്യങ്ങളുടെ പേരിൽ ഭിന്നശേഷിയുള്ള വ്യക്തികൾക്ക് പൊതു സമൂഹത്തിലും തൊഴിലിടങ്ങളിലും പലപ്പോഴും വിവേചനങ്ങൾ അനുഭവിക്കേണ്ടിവരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെങ്കിലും തരത്തിലുള്ള വൈകല്യങ്ങളുടെ പേരിൽ തൊഴിലിടങ്ങളിൽ പിടിച്ചുനിൽക്കാനാവാതെ പലർക്കും സ്വയം വിരമിക്കേണ്ടി വരുന്നതായ സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലിയിലിരിക്കെ ഏതെങ്കിലും തരത്തിലുള്ള ശാരീരിക-മാനസിക വൈകല്യമുണ്ടാകുന്ന സാഹചര്യത്തിൽ സ്വയം വിരമിക്കലിന് തയ്യാറായ നിരവധി ജീവനക്കാർ സംസ്ഥാനത്തുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം ജീവനക്കാരെ ജോലിയിൽ നിലനിറുത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും നിലവിൽ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ;

(ഡി) സേവന കാലത്ത് സംഭവിച്ച വൈകല്യങ്ങളുടെ പേരിൽ ജോലിയിൽ നിന്ന് പിരിച്ചുവിടുകയോ തസ്തിക താഴ്ത്തുകയോ സ്ഥാനക്കയറ്റം നിഷേധിക്കുകയോ ചെയ്യുന്ന സാഹചര്യം സംസ്ഥാനത്ത് നിലവിലുണ്ടോ ; എങ്കിൽ ഈ സാഹചര്യം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ഭിന്നശേഷിയുള്ളവരെയും സേവനകാലത്ത് വൈകല്യങ്ങൾ സംഭവിക്കുകയും ചെയ്യുന്നവരെയും ജോലിയിൽ തുടരാൻ പ്രേരിപ്പിക്കുന്ന തരത്തിൽ അനുകൂലമായ നിലപാട് സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി-ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 1995-ലെ PWD Act-ലെ 47-ാം വകുപ്പ് പ്രകാരം ജോലിയിലിരിക്കെ പൂർണ്ണമായോ ഭാഗീകമായോ വൈകല്യമുണ്ടാകുന്ന പക്ഷം ടിയാന്റെ പദവിക്കനുയോജ്യമായ വിധത്തിൽ അനുയോജ്യമായ തസ്തികയിൽ പുനർനിയമനം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കാനുള്ള സംവിധാനം നിലവിലുണ്ട്.